പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം.

132 (2711) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങളിൽ സർക്കാർ തലത്തിൽ ചർച്ചക്ക് തയ്യാറായില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ഒഴിവാക്കാനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. സഹകരണസംഘം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കാര്യം ചർച്ച നടത്തി ഇതിനകം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ സംഘം റബ്ബർ മാർക്കറ്റിംഗ് ഫാക്ടറി തൊഴിലാളികൾക്ക് ശമ്പള സ്കെയിൽ

133 (2712) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് ശമ്പളസ്കെയിൽ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകാൻ ഗവൺമെന്റിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം നിർദ്ദേശം നൽകുന്നതിൽ നിയമപരമായ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ കോടതി ഉത്തരവ് ആവശ്യം ഉണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സംഘത്തിന്റെയും സംഘം നടത്തുന്ന ഫാക്ടറിയുടെ പ്രവർത്തനവും സാമ്പത്തികസ്ഥിതിയും വിലയിരുത്തി അനുയോജ്യമായ ശമ്പള സ്കെയിലുകൾ നടപ്പാക്കാവുന്നതാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly